# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **478** | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. രജിസ്ട്രേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വാറ്റ് രജിസ്ട്രേഷൻ ഉള്ള എത്ര വ്യാപാരികളാണ് 2016-2017 സാമ്പത്തികവർഷത്തിൽ നിലവിലുണ്ടായിരുന്നത്; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ 2,70,700 വ്യാപാരികൾ രജിസ്ട്രേഷൻ എടുത്തിരുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ ജി.എസ്.ടി. രജിസ്ട്രേഷൻ നടത്തിയ എത്ര വ്യാപാരികളുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ 1,74,445 വ്യാപാരികൾ എൻറോൾമെന്റ് പൂർത്തിയാക്കി ജി.എസ്.ടി യിലേക്ക് രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. 40,027 വ്യാപാരികൾ നടപടികൾ ഭാഗികമായി പൂർത്തിയാക്കി യിട്ടുണ്ട്. |
| (സി) | ഇനിയും ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്തവരും എന്നാൽ ജി.എസ്.ടി. രജിസ്ട്രേഷൻ പരിധിയിൽ ഉൾപ്പെട്ടവരുമായ എത്ര വ്യാപാരികളുണ്ടെന്നാണ് കണക്കാക്കുന്നത്; | (സി) | നിലവിൽ വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന 51,077 വ്യാപാരികൾക്ക് ജി.എസ്.ടി പ്രൊവിഷണൽ ഐഡി ലഭ്യമാക്കിയിട്ടും എൻറോൾമെന്റ് പൂർത്തീകരിച്ചിട്ടില്ല. ഇവരിൽ 4,818 വ്യാപാരികൾക്ക് 2016-17 സാമ്പത്തിക വർഷം 20 ലക്ഷത്തിനു മുകളിൽ KVATIS രേഖകൾ പ്രകാരം വിറ്റുവരവ് ഉള്ളതാണ്. |
| (ഡി) | ഇത്തരം സ്ഥാപനങ്ങളെയും വ്യാപാരികളെയും ജി.എസ്.ടി. രജിസ്ട്രേഷൻ എടുപ്പിക്കുന്നതിന് | (ഡി) | വ്യാപാരികളെ ജി.എസ്.ടി രജിസ്ട്രേഷൻ ശൃംഖലയിൽ കൊണ്ടുവരുന്നതിനുവേണ്ടി അവർക്ക് ബോധവത്കരണ ക്ലാസുകൾ |

| | | | |
|---|---|---|---|
| | എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | | ജില്ലാകേന്ദ്രങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും ചെയ്തുവരുന്നു. ഈ മേഖലയിൽ ഇന്റലിജൻസ് വിങ്ങിന്റെ പ്രവർത്തനവും വിനിയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ